നടന്നിട്ടുണ്ട്. അതിന് നേതൃത്വം നൽകിയവരെ കണ്ടെത്താനും അവരെ മാതൃകാപരമായി ശിക്ഷിക്കാനും നമുക്ക് കഴിയണം. പോലീസിന്റെ ഭാഗത്തുനിന്നു ഈ കാര്യത്തിൽ കുറച്ച് നടപടികൾ സ്വീകരിച്ചുവെങ്കിലും പൂർണ്ണമായി വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനെത്തുടർന്ന് ആ പ്രദേശത്ത് വളരെ സംഘർഷം നിലനിൽക്കുന്ന സാഹചര്യമുണ്ട്. അവിടത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലിന് പോകാൻ കഴിയാത്ത സാഹചര്യവുമുണ്ടായിരിക്കുന്നു. ട്രോളിംഗ് നിരോധനം ഉൾപ്പെടെ നിലനിൽക്കുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. ഏതാനും ചില ആളുകളുണ്ടാക്കി വച്ച ഒരു പ്രശ്നത്തിന് ആ പ്രദേശത്തെ മുഴുവൻ ജനങ്ങളും ഇന്ന് കെടുതി അനുഭവിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെ രാത്രികാലങ്ങളിൽ പോലീസ് ചില വീടുകളിൽ കടന്നു ചെന്ന് ചില അതിക്രമങ്ങൾ കാട്ടിയതായി അവിടത്തെ ജനങ്ങൾക്ക് ശക്തമായ പരാതിയുണ്ട്. ഈ കാര്യത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നന്നാക്കാൻ കൊടുത്തിരുന്ന ചെരുപ്പ് കടയിൽനിന്നും യഥാസമയം ലഭിക്കാതിരുന്നതിനെക്കുറിച്ചുണ്ടായ തർക്കമാണ് കൊല്ലത്ത് വാടിയിൽ ജൂൺ 13-ന് വൈകുന്നേരത്തെ അനിഷ്ട സംഭവങ്ങൾക്ക് തുടക്കമിട്ടത്. കട ഉടമ ഫാബീസും ബന്ധുക്കളും വാടി സ്വദേശികളായ ആദം, ആൽബർട്ട് എന്നിവരെ ദേഹോപദ്രവം ഏൽപ്പിച്ചു. ഇതിനെത്തുടർന്ന് വാടി, മുദാക്കൽ പ്രദേശങ്ങളിലെ കുറെ ആളുകൾ ഇരുവിഭാഗമായി സംഘടിച്ച് വാടി ജംഗ്ഷനിൽ ഏറ്റുമുട്ടലിന് ശ്രമിച്ചു. ജനകൂട്ടത്തെ പോലീസ് പിരിച്ചുവിട്ടു. ഈ സംഭവുമായി ബന്ധപ്പെട്ട് ആദം, ബാബു, തോമ, ലാലു, അനീഷ് തുടങ്ങി കണ്ടാലറിയാവുന്ന ഏതാനും പേർക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകളുൾപ്പെടെ പള്ളിത്തോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16.6.99-ന് രാവിലെയും ഉച്ചയ്ക്കും മുദാക്കലിലെ ചില സാമൂഹ്യവിരുദ്ധർ വാടി പ്രദേശത്ത് അതിക്രമങ്ങൾ കാട്ടുകയും, ഒരു വായനശാലക്കും ഏതാനും വീടുകൾക്കും കേടുപാടുകൾ വരുത്തുകയും ചെയ്തു. പോലീസ് ഇടപെട്ട് അക്രമികളെ അമർച്ച ചെയ്തു. ഇതുസംബന്ധിച്ച് രണ്ട് കേസുകൾകൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സമാധാന സമിതി രൂപീകരിച്ചും സുശക്തമായ പോലീസ് പിക്കറ്റും പട്രോളിംഗും ഏർപ്പെടുത്തിയും ഈ പ്രദേശത്ത് സാധാരണനില ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

### (3) തൃശൂർ ജില്ലയിലെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ.ആർ. ബാലൻ : കഴിഞ്ഞ രണ്ടുവർഷമായി തൃശൂർ ജില്ലയിലെ കള്ള് വ്യവസായരംഗത്ത് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി ഇപ്പോഴും തുടരുകയാണ്. വ്യാജമദ്യം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന കോൺട്രാക്ടർമാർക്കെതിരെ സർക്കാർ കൈക്കൊണ്ട ശക്തമായ നടപടിക്കെതിരായി ഈ ജില്ലയിലെ ഒരു വിഭാഗം കോൺട്രാക്ടർമാർ 1997-ൽ 4 റേഞ്ചുകൾ ഏകദേശം 5 മാസക്കാലം അടച്ചുപൂട്ടി. 1998-99 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള കിസ്ത് അടച്ചുകൊണ്ട് ഷാപ്പുകൾ നടത്താൻ കഴിയില്ലെന്ന നിലപാട് പ്രഖ്യാപിച്ചുകൊണ്ട് 11 റേഞ്ചുകൾ കോൺട്രാക്ടർമാർ ഏകപക്ഷീയമായി അടച്ചുപൂട്ടി. ഇതുമൂലം ആറായിരത്തോളം വരുന്ന മദ്യവ്യ

LIBRARY ARCHIVES Kerala Legislative Assembly

വസായരംഗത്തെ തൊഴിലാളികൾക്ക് 6 മാസത്തോളം തൊഴിൽ നഷ്ടപ്പെട്ടു. ഈ വർഷം ഏപ്രിൽ 1 മുതൽ അന്തിക്കാട്, വാടാനപ്പള്ളി റേഞ്ചുകൾ അടഞ്ഞു കിടക്കുകയാണ്. ഏകദേശം രണ്ടായിരത്തോളം വരുന്ന തൊഴിലാളികൾ തൊഴിൽരഹിതരായിരിക്കുകയാണ്. മറ്റു റേഞ്ചുകളും അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. മറ്റു ജില്ലകളിൽനിന്നും വ്യത്യസ്തമായി ഏകദേശം 6000 തൊഴിലാളികൾ തൃശൂർ ജില്ലയിൽ കള്ളുവ്യവസായരംഗത്ത് പണിയെടുക്കുന്നുണ്ട്. മൂന്നു വർഷത്തേക്കാണ് ഷാപ്പുകൾ ഈ ജില്ലയിൽ ലേലം ചെയ്തിട്ടുള്ളത്. ഇടയ്ക്കിടെയുണ്ടാവുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് വകുപ്പുമന്ത്രിയുടെ മുൻകൈയോടെ ആത്മാർത്ഥമായ പല ശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല. അതുകൊണ്ട് സർക്കാർ അടിയന്തിരമായും ഇടപെട്ട് ഈ രംഗത്തെ തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും യോഗം വിളിച്ചു ചേർത്ത് തൃശൂർ ജില്ലയിലെ കള്ളുവ്യവസായ രംഗത്തെ പ്രതിസന്ധിക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : അന്തിക്കാട്, വാടാനപ്പള്ളി എന്നീ രണ്ട് റേഞ്ചുകളിൽ 1.4.99 മുതൽ കോൺട്രാക്ടർമാർ കള്ള് ഷാപ്പുകൾ അടച്ചിട്ടിരിക്കുകയാണ്. തുടർന്ന് നിയമാനുസൃതം ഈ ഷാപ്പുകളുടെ ലൈസൻസുകൾ റദ്ദാക്കുകയും പുനർലേലം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. 1999 ഏപ്രിൽ 19-ാം തീയതിയിലെ 1758/99-ാം നമ്പർ നോട്ടീസ് പ്രകാരം എക്സൈസ് കമ്മിഷണർ തൃശൂർ ഡിവിഷനിലെ വാടാനപ്പള്ളി, അന്തിക്കാട് റേഞ്ചുകളിലെ പുനർലേലം നടത്തി വിൽക്കുന്നതാണെന്നുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. അതനുസരിച്ച് ഷാപ്പുകൾ 29.4.99-ന് തൃശൂർ ജില്ലാ കളക്ടർ പുനർലേലം ചെയ്യുകയുണ്ടായി. ലേലം വിളിക്കാൻ ആളില്ലാത്തതിനാൽ വീണ്ടും ഷാപ്പുകളുടെ ലേലം 3/5, 11/5, 19/5, 20/5 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. പക്ഷേ കളക്ടർ നടത്തിയ ലേലത്തിലോ നെഗോഷിയേഷനിലോ ഷാപ്പുകൾ വിളിക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. ആയതിനാൽ ജില്ലാകളക്ടർ തൊഴിലാളി യൂണിയനുകളുടെയും കരാറുകാരുടെയും നേതാക്കന്മാർ തമ്മിൽ പലവട്ടം ജില്ലാതലത്തിൽ ചർച്ച നടത്തിയിരുന്നു. ഷാപ്പുകൾ ലേലം വിളിക്കാൻ കോൺട്രാക്ടർമാർ ഇനിയും തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാകളക്ടർ നെഗോഷിയേഷൻ വഴി ഓഫറുകൾ സ്വീകരിക്കാനുള്ള പരിശ്രമങ്ങൾ നടത്തിവരികയാണ്. വാടാനപ്പള്ളി റേഞ്ചിലെ കള്ളുഷാപ്പുകൾ 1.5.99 മുതൽ അടഞ്ഞു കിടക്കുകയാണ്. എന്നാൽ അന്തിക്കാട് റേഞ്ചിലെ ഷാപ്പുകൾ 4.6.99 വരെ ഡിപ്പാർട്ടുമെന്റ് ഇൻ മാനേജ്മെന്റ് (ഡി.എം.) ആയി പ്രവർത്തിച്ചു. 5.6.99 മുതൽ ഈ ഷാപ്പുകൾ അടഞ്ഞു കിടക്കുന്നു. ഇത് വളരെ ഗുരുതരമായ പ്രശ്നമാണെന്നുള്ള നിലയ്ക്ക് തന്നെ ഗവണ്മെന്റ് തലത്തിലും ഡിപ്പാർട്ട്മെന്റ് തലത്തിലും ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## (4) പാലങ്ങൾക്കുള്ള ടോൾ പിരിവ്

ശ്രീ. എൻ. അനിരുദ്ധൻ : സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന പാലങ്ങളിൽ ഒരു കോടി രൂപയിലധികം നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്കു മാത്രമായി ടോൾ പിരിവ് നിജപ്പെടുത്തണമെന്ന് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നാട്ടിൻപുറങ്ങളിൽ ധാരാളം ചെറിയ പാലങ്ങൾ ഇപ്പോൾ നിർമ്മിച്ചു വരുന്നുണ്ട്. അതിന്റെ നിർമ്മാണച്ചെ

LIBRARY ARCHIVES Kerala Legislative Assembly